# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 83** **26.09.2016-ൽ മറുപടിയ്ക്ക്**

**<u>എ.ടി.എം. തട്ടിപ്പുകേസ്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. കെ. അബ്ദു റബ്ബ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) വിദേശികളുൾപ്പെട്ട എ.ടി.എം. തട്ടിപ്പുകേസ് പോലീസിന് റിപ്പോർട്ട് ചെയ്തത് എന്നാണ് എന്നും ആരിൽ നിന്നാണ് വിവരം ലഭിച്ചത് എന്നും വെളിപ്പെടുത്താമോ; | (എ) വിദേശികൾ ഉൾപ്പെട്ട എ.ടി.എം തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഒന്നാം പ്രതി അറസ്റ്റിലായത് എന്നാണ്; അറസ്റ്റിലാവാൻ ഇടയാക്കിയത് ആരുടെ പണം പിൻവലിച്ചതിനെത്തുടർന്നായിരുന്നു; | (ബി) മേൽപ്പറയുന്ന കേസുകളിലെ ഒന്നാം പ്രതി അറസ്റ്റിലായത് 10.08.2016-ലാണ്. നിക്ഷേപകരുടെ ബാങ്ക് നിക്ഷേപം വ്യാജ എ.ടി.എം കാർഡ് നിർമ്മിച്ച് അനധികൃതമായി പണം പിൻവലിച്ചതിനെത്തുടർന്ന് ആൽത്തറ എസ്.ബി.ഐ ബ്രാഞ്ചിന്റെ ചീഫ് മാനേജരുടെ പരാതിയിൽ മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ് ചെയ്തത്. |
| (സി) ഇയാൾ ഒടുവിൽ ആൽത്തറ ജംഗ്ഷനിലെ എ.ടി.എം.-ൽ നിന്നും പണം പിൻവലിച്ചത് എന്നായിരുന്നു; | (സി) വിദേശിയായ പ്രതി ആൽത്തറ എസ്.ബി.ഐ ബ്രാഞ്ചിൽ നിന്നും പണം പിൻവലിച്ചിട്ടില്ല. |
| (ഡി) ഒന്നാം പ്രതി അറസ്റ്റിലായ ശേഷവും മറ്റു പ്രതികൾ വിദേശത്തേക്ക് കടന്നശേഷവും, അക്കൗണ്ടുകളിൽ നിന്നും പണം നഷ്ടമായിട്ടുണ്ടോ; | (ഡി) ഇത്തരത്തിൽ പണം നഷ്ടപ്പെട്ടതായ പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല. |
| (ഇ) എങ്കിൽ ആ പണം പിൻവലിച്ചത് ആര്; എവിടെ നിന്ന് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (ഇ) ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Police Station | Cr.No. | Date of Report | Name of Complainant |
|---|---|---|---|
| Museum | 1221/2016 | 08/08/16 | Chief Manager, SBI, Althara |
| Museum | 1234/2016 | 10/08/16 | AGM, SBT, Vazhuthacaud |
| Museum | 1235/2016 | 10/08/16 | AGM,SBT, Vazhuthacaud |
| Museum | 1237/2016 | 10/08/16 | Chief Manager, SBI, Althara |
| Museum | 1238/2016 | 10/08/16 | AGM,SBT, Vazhuthacaud |
| Museum | 1244/2016 | 11/08/16 | Branch Manager, SBT, Ambalamukku |

സെക്ഷൻ ഓഫീസർ